പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2219 — 23.3.2012 ൽ മറുപടിയ്ക്ക്

## സോഷ്യൽ സെക്യൂരിറ്റി മിഷൻ

ചോദ്യം — ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ — ഡോ.എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സോഷ്യൽ സെക്യൂരിറ്റി മിഷന്റെ കീഴിൽ മുൻ സർക്കാരിന്റെ കാലത്ത് വികസന പ്രവർത്തനങ്ങൾ നടത്തുവാൻ സർക്കാർ ഏജൻസിയായ കെ.എച്ച്.ആർ. ഡബ്ള്യൂ.എസ്. നെ ചുമതലപ്പെടുത്തിയിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) സോഷ്യൽ സെക്യൂരിറ്റി മിഷൻ കെ.എച്ച്.ആർ.ഡബ്ള്യൂ.എസ്. ന് ഫണ്ട് കൈമാറാത്തതിനാൽ ഏതൊക്കെ പ്രവൃത്തികളാണ് നിർത്തിവച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; | (ബി) കെ.എച്ച്.ആർ.ഡബ്ള്യൂ.എസ്. നെ നിയോഗിച്ചിട്ടുള്ള നിർമ്മാണ/നവീകരണ പ്രവർത്തനങ്ങളിൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഏഴ് സ്ഥാപനങ്ങളിൽ തവനൂർ പ്രതീക്ഷാഭവനം HMDC കോഴിക്കോടുമൊഴികെയുള്ള സ്ഥാപനങ്ങളുടെ അടങ്കൽ തുകയുടെ 90 ശതമാനവും അഡ്വാൻസായി അനുവദിച്ചു നൽകി. എന്നാൽ പ്രവൃത്തി പൂർത്തിയാക്കി കംപ്ലീഷൻ സർട്ടിഫിക്കറ്റോ വർക്ക് ബില്ലോ ലഭ്യമാക്കിയിട്ടില്ല. കോഴിക്കോട് HMDC യുടെയും തവനൂർ പ്രതീക്ഷാഭവന്റെയും കെട്ടിട നിർമ്മാണത്തിന് കെ.എച്ച്.ആർ.ഡബ്ള്യൂ.എസ് മായി കരാറിലേർപ്പെട്ട് നിർമ്മാണത്തിന് യഥാക്രമം 59.25 ലക്ഷം, 100.50 ലക്ഷം രൂപ വീതം സാമൂഹ്യക്ഷേമ വകുപ്പ് അനുവദിച്ചിരുന്നു. ഈ രണ്ട് നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 165.66 ലക്ഷം രൂപ അനുവദിക്കാൻ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി |

| | |
|---|---|
| | തീരുമാനിക്കുകയും 90 ലക്ഷം രൂപ നൽകുകയുമുണ്ടായി. എന്നാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് 317.67 ലക്ഷം രൂപ നൽകണമെന്ന് കെ.എച്ച്.ആർ.ഡബ്ല്യു. എസ് ആവശ്യപ്പെട്ടിട്ടുണ്ട്.<br>കോഴിക്കോട് IMHANS നും തിരുവനന്തപുരം ജനറൽ ആശുപത്രി ഒൻപതാം വാർഡിന്റെ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കുമായി യഥാക്രമം 16.67 ലക്ഷം, 58.7 ലക്ഷം രൂപ വീതം അനുവദിച്ചെങ്കിലും നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച സ്റ്റേജ് സർട്ടിഫിക്കറ്റോ, വർക്ക് ബില്ലോ നൽകാത്തതിനാൽ ബാക്കി തുക അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. |
| (സി) പൂർത്തീകരിച്ച പ്രവൃത്തികളിൽ ഏതിനൊക്കെയാണ് പണം നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ ; അടിയന്തിരമായി പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ? | (സി) നിർമ്മാണം പൂർത്തീകരിച്ചതായ കംപ്ലീഷൻ റിപ്പോർട്ട് ഒന്നും തന്നെ ലഭിച്ചിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റും നിർമ്മാണ ചെലവുകളുടെ ബില്ലും നൽകി നടപടി ക്രമങ്ങൾ പൂർത്തീകരിച്ചാൽ കരാറിൽ ഏർപ്പെട്ടിട്ടുള്ള പണം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

R. Vijay [signature]

സെക്ഷൻ ഓഫീസർ